(സി) വെട്ടുവേലി ബണ്ടിന്റെ ഡിസൈൻ മാറേണ്ടിവന്നതുകൊണ്ടുണ്ടായ കൂടുതൽ പണികൾക്കു് കൺട്രാക്ടർ ആവശ്യപ്പെട്ട റേറുകൾ ഗവണ്മെന്റിനു് സ്വീകാര്യമല്ലാത്തതുകൊണ്ടു് നിരുത്തിവയ്പ്പാൻ കൺട്രാക്ടരോടു് ആവശ്യപ്പെടുകയാണുണ്ടായതു്. കോണത്തു ബണ്ടിന്റെ കാര്യത്തിൽ പണി തുടർന്നു നടത്താൻ സാദ്ധ്യമല്ലെന്നുള്ള കൺട്രാക്ടരുടെ ഹർജി ലഭിച്ചിട്ടു് ഏകദേശം പതിനൊന്നു മാസത്തോളമായി. അതു പരിഗണനയിലിരിക്കുകയാണു്.

(ഡി) വെട്ടുവേലി ചിറയുടെ ജോലി ചെയ്തുകൊണ്ടിരുന്ന കൺട്രാക്ടരുടെ കോൺട്രാക്ടു് അവസാനിപ്പിക്കുന്നതിനു് 18-6-63-ൽ ഉത്തരവായിട്ടുണ്ടു്. എന്നാൽ അതിന്റെ വിശദാംശങ്ങളെപ്പറ്റി ചീഫ് എൻജിനീയർ ചില സംശയങ്ങളും ഉന്നയിച്ചതു് പരിഗണിച്ചുവരികയാണു്. കോണത്തു ബണ്ടിന്റെ കൺട്രാക്ടരുടെ ടെൻഡർ റദ്ദു് ചെയ്യുന്നതിനുള്ള ചീഫ് എൻജിനീയറുടെ റിപ്പോർട്ടു് ഗവണ്മെന്റു പരിഗണിച്ചുവരികയാണു്.

(ഈ) 1964-65-ൽ പണി പുനരാരംഭിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പാലം പണി

* 233. [2] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആലപ്പുഴ-ചേർത്തല തോട്ടിൽ (എ. എസ്. കനാൽ) പാതിരപ്പള്ളിയിൽ ഒരു പാലം പണിയണമെന്നു ജില്ലാ വികസന കൗൺസിൽ ആദ്യമായി തീരുമാനമെടുത്തതു് ഏതു വർഷത്തിലാണു് ;

(ബി) പ്രസ്തുത പാലത്തിന്റെ പണി ഇതുവരെ ആരംഭിക്കാതിരിക്കാൻ കാരണം എന്താണു് ;

(സി) പണി എന്നു ആരംഭിക്കുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം.

(എ) 1960-ൽ.

(ബി, സി) ഈ വർക്കു് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടും ധനദൗർലഭ്യം കാരണവും ഇപ്പോഴും നടത്താൻ നിവൃത്തിയില്ല. എപ്പോഴും നടത്താൻ സാധിക്കുമെന്നു പറയാൻ നിവൃത്തിയില്ല.

പാലം പണി

234. [3] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഏതെങ്കിലും പുതിയ പാലമോ, പുതിയ റോഡോ ഡിപ്പാർട്ടുമെന്റിൽനിന്നും പണിയിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തു് ;

(ഡി) അത്തുങ്കൽ—ചെടികടവു് റോഡിൽ തെക്കേട്ടത്തിൽ പാലം പണിയുന്നതിനു് ജില്ലാ വികസനസമിതി തീരുമാനിച്ചിട്ടുണ്ടോ ;

(ഈ) എങ്കിൽ പ്രസ്തുത പാലത്തിന്റെ പണി തുടങ്ങാത്തതെന്തുകൊണ്ടാണു് ;

LIBRARY ARCHIVES Kerala Legislative Assembly